പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1203</u> 30.09.2011 - ൽ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) 2001 – 2006 കാലത്ത് കൺസ്യൂമർ ഫെഡിന്റെ സഞ്ചിതലാഭം/സഞ്ചിത നഷ്ടം എത്ര; ഇക്കാലത്ത് സർക്കാരിൽ നിന്നും ലഭിച്ച സഹായ ധനംഎത്ര; | (എ) 2001-2006 കാലത്ത് കൺസ്യൂമർ ഫെഡിന്റെ സഞ്ചിത നഷ്ടം 73,54,70,400.66/- രൂപ ആണ്. ഇക്കാലത്ത് സർക്കാരിൽ നിന്നും ആകെ 13,12,84,000/- രൂപയുടെ ധനസഹായം കൺസ്യൂമർ ഫെഡിനു ലഭിച്ചു. |
| (ബി) 2006 – 2011 കാലത്ത് കൺസ്യൂമർ ഫെഡിന്റെ സഞ്ചിത ലാഭം/സഞ്ചിത നഷ്ടം എത്ര; സർക്കാരിൽ നിന്ന് ലഭിച്ച സഹായധനം എത്ര; | (ബി) 2006-2011 കാലത്ത് ആഡിറ്റ് റിപ്പോർട്ട് പ്രകാരം കൺസ്യൂമർ ഫെഡിന്റെ സഞ്ചിത നഷ്ടം 73,36,98,145.64/- രൂപയും 2011 ലെ താൽക്കാലിക ബാക്കി പത്രപ്രകാരം 71,10,61,577.37/- രൂപയും ആണ്. സർക്കാരിൽ നിന്നും ആകെ 1,66,47,62,667/- രൂപയുടെ ധനസഹായം കൺസ്യൂമർഫെഡിന് ലഭിച്ചിട്ടുണ്ട്. |
| (സി) 2006 – 2011 കാലഘട്ടത്തിൽ കൺസ്യൂമർ ഫെഡ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; | (സി) കൺസ്യൂമർഫെഡ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കൊല്ലം ജില്ലാ മൊത്ത വ്യാപാര സഹകരണ സ്റ്റോറിൽ നിന്നും 40 സെന്റ് സ്ഥലവും ആലപ്പുഴ മൊത്ത വ്യാപാര സഹകരണ സ്റ്റോറിൽ നിന്നും 4.37 ആർ. സ്ഥലവും രണ്ട് നില കെട്ടിടവും വാങ്ങി.<br>2. ആലപ്പുഴയിൽ പറവൂർ ജംഗ്ഷനിൽ 33 സെന്റ് സ്ഥലം വാങ്ങി അവിടെ ത്രിവേണി ടവറിന്റെ പണി പുരോഗമിച്ചുവരുന്നു.<br>3. തിരുവനന്തപുരത്തും കോഴിക്കോട്ടും സഹകരണ ലൈബ്രറികൾ ആരംഭിച്ചു. |

4. ഹെഡോഫീസിനോടനുബന്ധിച്ച് ആഡിറ്റോറിയം പണിതിട്ടുണ്ട്.

5. 58,635 വിപണന കേന്ദ്രങ്ങളിലൂടെ 523 ദിവസം നീണ്ടുനിന്ന വിപുലമായ രീതിയിൽ സബ്സിഡി വിൽപന നടത്തി 400 കോടിയോളം രൂപയുടെ സബ്സിഡി ആനുകൂല്യം ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

(ഡി) 2001–2006-ലും 2006–2011-ലും എത്ര വിലക്കയറ്റ വിരുദ്ധ സഹകരണ ചന്തകളാണ് കൺസ്യൂമർ ഫെഡ് വഴി നടത്തിയത് ഓരോ കാലത്തേയും ആകെ വിറ്റ് വരവ് എന്തു തുക വീതം ആയിരുന്നു?

(ഡി) 2001-2006 കാലയളവിൽ 4816 വിപണനകേന്ദ്രങ്ങളും 2006-2011 ൽ 58635 വിലക്കയറ്റ വിരുദ്ധ സഹകരണ ചന്തകളുമാണ് കൺസ്യൂമർ ഫെഡ് വഴി നടത്തിയത്. 2001-2006 കാലത്ത് 4.55 കോടി രൂപയുടെയും 2006-2011 കാലത്ത് 729.07 കോടി രൂപയുടെയും വിറ്റ് വരവ് ആയിരുന്നു.

സെക്ഷൻ ഓഫീസർ